"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്- ശ്രീമതി. ഷൈലമ്മ കെ. ജോയിൻ്റ് ഡയറക്ടർ, ശ്രീ ഗോപകുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഭാഗമായി 23/04/2025 മുതൽ 25/04/2025 വരെ ഒഡീഷയിലെ പുരിയിൽ വച്ച് നടക്കുന്ന റീജിയണൽ വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.170/2025/P&EA തീയതി,തിരുവനന്തപുരം, 22-04-2025

---

പരാമർശം:-
1. സ.ഉ. (അച്ചടി) നം.12/2019/ധന, തീയതി 16.12.2019.
2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 06.04.2025 തീയതിയിലെ ഡിഇഎസ്/1732/2025-AGC1 നമ്പർ കത്ത്.

**ഉത്തരവ്**

പതിനൊന്നാമത് കാർഷിക സെൻസസിൻ്റെ ഒന്നാംഘട്ട സർവ്വേ പൂർത്തീകരണം ചർച്ച ചെയ്യുന്നതിനും രണ്ടാം ഘട്ട സർവ്വേയുടെ ഘടന വിലയിരുത്തുന്നതിനും മൂന്നാം ഘട്ട സർവ്വേയുടെ പുരോഗതി അവലോകനം നടത്തുന്നതിലേക്കുമായി 23/04/2025 മുതൽ 25/04/2025 വരെ ഒഡീഷയിൽ വെച്ച് Ministry of Agriculture and Farmers Welfare, Government of India യുടെ ആഭിമുഖ്യത്തിൽ റീജിയണൽ മീറ്റിംഗ്/ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നതാണെന്നും പ്രസ്തുത വർക്ക് ഷോപ്പിലേക്കായി കാർഷിക സെൻസസ് വിഭാഗത്തിലെ രണ്ട് ടെക്നിക്കൽ ഓഫീസർമാരെ നിയോഗിക്കേണ്ടതാണെന്നും Ministry of Agriculture and Farmers Welfare, Government of India നിന്നും അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ സംസ്ഥാനത്ത് നിന്ന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ കാർഷിക സെൻസസ് വിഭാഗത്തിലെ സ്റ്റേറ്റ് ടെക്നിക്കൽ ഓഫീസർ ആയ ജോയിൻ്റ് ഡയറക്ടർ, ശ്രീമതി. ഷൈലമ്മ കെ (scale of pay 95660-153200, Basic pay :115300), ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഗോപകുമാർ എസ് (scale of pay 77200-140500, Basic pay:110300), എന്നിവർക്ക് കാർഷിക സെൻസസിന്റെ ഭാഗമായി 23/04/2025 മുതൽ 25/04/2025 വരെ ഒഡീഷയിലെ പുരിയിൽ വച്ച് സംഘടിപ്പിക്കുന്ന റീജിയണൽ

മീറ്റിംഗ്/വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നതിനും, പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിനായി വിമാന മാർഗ്ഗം യാത്ര ചെയ്യുന്നതിനും ,പ്രസ്തുത തുക 2401-00-111-99-04(100% CSS P-V) എന്ന ശീർഷകത്തിൽ നിന്നും ചെലവാക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്കു വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ശ്രീമതി. ഷൈലമ്മ കെ. ജോയിൻ്റ് ഡയറക്ടർ, കാർഷിക സെൻസസ് വിഭാഗം, ശ്രീ ഗോപകുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഭാഗമായി 23/04/2025 മുതൽ 25/04/2025 വരെ ഒഡീഷയിലെ പുരിയിൽ വച്ച് സംഘടിപ്പിക്കുന്ന റീജിയണൽ മീറ്റിംഗ്/വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നതിനും ആയതിലേയ്ക്കായി വിമാനയാത്ര നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. യാത്ര ചെലവുകൾക്കുള്ള തുക 2401-00-111-99-04(100% CSS P-V) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sajith T
Date: 22-04-2025 14:32:33
സെക്ഷൻ ഓഫീസർ